2024
JANUARY
30
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## പൗരത്വ ഭേദഗതി നിയമം ഒരാഴ്ചയ്ക്കുള്ളിൽ നടപ്പാക്കും: കേന്ദ്ര മന്ത്രി



**ന്യൂഡൽഹി:** വിവാദമായ പൗരത്വ ഭേദഗതി നിയമം ഒരാഴ്ചയ്ക്കുള്ളിൽ രാജ്യവ്യാപകമായി നടപ്പാക്കുമെന്ന് കേന്ദ്ര മന്ത്രി ശന്തനു ഠാക്കൂർ. പശ്ചിമ ബംഗാളിൽ ബിജെപി പ്രവർത്തകരുടെ ബൂത്ത് തല സമ്മേളനത്തെ അഭിസംബോധന ചെയ്യവെയാണ് പ്രഖ്യാപനം.

2019ലാണ് കേന്ദ്ര സർക്കാർ സിഎഎ പാസാക്കിയത്. പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്ന് 2014 ഡിസംബർ 31നു മുൻപ് ഇന്ത്യയിലേക്ക് അഭയാർഥികളായി എത്തിയവർക്ക് പൗരത്വം നൽകുന്നതിനുള്ള ഭേദഗതിയാണിത്.

അക്രമകാരികളായ മുസ്ലീം ഭീകരരാജ്യത്തുനിന്ന് രക്ഷപെട്ടെത്തിയ ഹിന്ദുക്കൾക്കും സിഖുകാർക്കും ജൈനർക്കും ബുദ്ധമതക്കാർക്കും, പാഴ്സികൾക്കും ക്രിസ്ത്യാനികൾക്കും മാത്രമാണ് ഇത്തരത്തിൽ പൗരത്വം അനുവദിക്കുക. പൗരത്വം നൽകുന്നതിന് മതം മാനദണ്ഡമാകുന്നതാണ് ഈ നിയമത്തിനെതിരേ രൂക്ഷമായ എതിർപ്പുണ്ടാകാൻ കാരണം.

സിഎഎ വീണ്ടും ചർച്ചയിലേക്കു വരാൻ ഇടയാക്കിയ മന്ത്രിയുടെ പ്രഖ്യാപനം പശ്ചിമ ബംഗാളിലായതിനാൽ തൊട്ടു പിന്നാലെ തന്നെ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെ പ്രതികരണവും വന്നു. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും വോട്ട് കിട്ടാൻ വേണ്ടി സിഎഎ, സിഎഎ എന്ന് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ് ബിജെപി എന്നാണ് മമതയുടെ ആരോപണം.

അതേസമയം, ബംഗാൾ അടക്കം എല്ലാ സംസ്ഥാനങ്ങളിലും നിയമം ഒരാഴ്ചയ്ക്കുള്ളിൽ നടപ്പാക്കുമെന്ന് തനിക്ക് ഉറപ്പ് നൽകാൻ കഴിയുമെന്നാണ് ബംഗാളിൽ നിന്നു തന്നെ ശന്തനു ഠാക്കൂറിൻറെ പ്രഖ്യാപനം.

## ഒഴിവ് വരുന്നത് 15 സംസ്ഥാനങ്ങളിൽ

# രാജ്യസഭാ തെരഞ്ഞെടുപ്പ് ഫെബ്രുവരി 27ന്



**ന്യൂഡൽഹി:** രാജ്യത്തെ 15 സംസ്ഥാനങ്ങളിലായി ഒഴിവു വരുന്ന 56 രാജ്യസഭാ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. ഫെബ്രുവരി 27നാണ് തിരഞ്ഞെടുപ്പ് എന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ അറിയിച്ചു.

ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ബിഹാർ, ബംഗാൾ, മധ്യപ്രദേശ്, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, തെലങ്കാന, രാജസ്ഥാൻ, കർണാടക, ഉത്തരാഖണ്ഡ്, ഛത്തീസ്ഗഡ്, ഒഡീഷ, ഹരിയാന, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളിലാണ് രാജ്യസഭാ തിരഞ്ഞെടുപ്പ്.

ഇതിൽ 13 സംസ്ഥാനങ്ങളിൽ നിന്നുള്ള 50 രാജ്യസഭാംഗങ്ങളുടെ കാലാവധി ഏപ്രിൽ 2ന് അവസാനിക്കും. രണ്ടു സംസ്ഥാനങ്ങളിൽനിന്നുള്ള ബാക്കിയുള്ള ആറ് അംഗങ്ങൾ ഏപ്രിൽ 3ന് വിരമിക്കും.

കേരളത്തിൽനിന്നുള്ള കേന്ദ്രസഹമന്ത്രി വി.മുരളീധരൻ, ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി.നഡ്ഡ എന്നിവരടക്കമുള്ളവരുടെ കാലാവധിയും അവസാനിക്കുന്നുണ്ട്. വി.മുരളീധരൻ മഹാരാഷ്ട്രയിൽനിന്നും നഡ്ഡ ഹിമാചൽ പ്രദേശിൽനിന്നുമുള്ള രാജ്യസഭാംഗങ്ങളാണ്.

ഫെബ്രുവരി 15നാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. രാവിലെ ഒൻപതു മുതൽ വൈകിട്ട് നാല് വരെയാണ് വോട്ടെടുപ്പ്.

അതതു സംസ്ഥാനങ്ങളിലെ നിയമസഭാ കക്ഷി അംഗങ്ങൾക്കാണ് വോട്ടവകാശം.

## കേന്ദ്ര ബജറ്റ് സമ്മേളനം നാളെ മുതൽ; റിക്കാർഡിനൊപ്പമെത്താൻ നിർമല സീതാരാമൻ



**ന്യൂഡൽഹി:** പാർലമെൻറിൻറെ ബജറ്റ് സമ്മേളനത്തിന് ബുധനാഴ്ച തുടക്കം. രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ പ്രസംഗത്തോടെയാണ് ഹ്രസ്വകാല സമ്മേളനം ആരംഭിക്കുക. ഈ മാസം 31 മുതൽ ഫെബ്രുവരി ഒമ്പതുവരെയാണ് സമ്മേളന കാലയളവ്.

വ്യാഴാഴ്ച ധനകാര്യമന്ത്രി നിർമല സീതാരാമൻ കേന്ദ്ര ബജറ്റ് അവതരിപ്പിക്കും. രണ്ടാം മോദി സർക്കാരിൻറെ അവസാന ബജറ്റാണിത്.ലോക്സഭാ തെരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ജനപ്രിയ പ്രഖ്യാപനങ്ങൾ ബജറ്റിൽ ഉണ്ടാകും എന്നാണ് പ്രതീക്ഷ. സ്ത്രീകൾക്കും യുവാക്കൾക്കും ചെറുകിട ഇടത്തരം വ്യവസായങ്ങൾക്കും കൂടുതൽ പ്രഖ്യാപനങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

കാർഷിക മേഖല, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയിലും വലിയ പ്രഖ്യാപനങ്ങൾ ഉണ്ടായേക്കും. നികുതി ഇളവുകളും പ്രതീക്ഷിക്കുന്നു.ബജറ്റ് സമ്മേളനം ആരംഭിക്കുന്നതിന് മുന്നോടിയായി ചൊവ്വാഴ്ച കേന്ദ്രസർക്കാർ സർവകക്ഷിയോഗം വിളിച്ചു. കേന്ദ്ര പാർലമെൻററി കാര്യമന്ത്രി പ്രഹ്ളാദ് ജോഷി വിളിച്ച സർവകക്ഷി യോഗം പകൽ 11.30 ന് നടക്കും.

ഈ സർവകക്ഷി യോഗത്തിൽ വരാനിരിക്കുന്ന ബജറ്റ് സമ്മേളനത്തിൻറെ സുഗമമായ നടത്തിപ്പിന് സഹകരിക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളോടും സർക്കാർ അഭ്യർഥിക്കും.

അതേസമയം, തുടർച്ചയായ ആറാം ബജറ്റ് അവതരിപ്പിക്കുമ്പോൾ മുൻ പ്രധാനമന്ത്രി മൊറാർജി ദേശായിയുടെ റിക്കാർഡിനൊപ്പം നിർമല സീതാരാമൻ എത്തും. മൻമോഹൻ സിംഗ്, അരുൺ ജെയ്റ്റ്ലി, പി. ചിദംബരം, തുടർച്ചയായി അഞ്ച് ബജറ്റുകൾ അവതരിപ്പിച്ച യശ്വന്ത് സിൻഹ തുടങ്ങിയ മുൻഗാമികളുടെ റിക്കാർഡുകൾ അവർ മറികടക്കും.






കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഫെബ്രുവരി 13 ന് നടത്തുന്ന സംസ്ഥാന പണിമുടക്കിന ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റി നടത്തിയ കൺവെൻഷൻ യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി ശ്രീനാഥ് മംഗലത്ത് ഉദ്ഘാടനം ചെയ്യുന്നു. എഡ്വേഡ് ഫോസ്റ്റസ്, പ്രദീപ് ജോസ് തുടങ്ങിയവർ സമീപം

# ഐക്യദാർഢ്യ കൺവെൻഷൻ നടത്തി

കൊച്ചി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഫെബ്രുവരി 13 ന് നടത്തുന്ന സംസ്ഥാന പണിമുടക്കിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കൺവെൻഷൻ നടത്തി.

യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി ശ്രീനാഥ് മംഗലത്ത് കൺവെൻഷൻ ഉദ്ഘടനം ചെയ്തു യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. മണ്ഡലം ജനറൽ സെക്രട്ടറി എഡ്വേഡ് ഫോസ്റ്റസ് മുഖ്യപ്രഭാഷണം നടത്തി.ജംഷീർ വാഴയിൽ,ടിജോ തോമസ്,വി എ ഷിഹാബ് , പി പി ഫൈസൽ, വി കെ അൻസാരി, എം കെ ബിനു, ആർ വി പ്രേം, കെ എസ് അയൂബ്, പി സതീഷ് , സിബി സെക്കറിയ, ജോജി വടുതല, ജയിൻ ലാൽ തുടങ്ങിയവർ സംസാരിച്ചു.

# റുപേ പ്രൈം വോളിബോൾ ലീഗ് ഫെബ്രുവരി 15 മുതൽ ചെന്നൈയിൽ

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് മൂന്നാം പതിപ്പിന് 2024 ഫെബ്രുവരി 15 മുതൽ ചെന്നൈ ആതിഥേയത്വം വഹിക്കും. അഹമ്മദാബാദ് ഡിഫൻഡേഴ്സ്, ബെംഗളൂരു ടോർപ്പിഡോസ്, കാലിക്കറ്റ് ഹീറോസ്, ചെന്നൈ ബ്ലിറ്റ്സ്, ഡൽഹി തൂഫാൻസ്, ഹൈദരാബാദ് ബ്ലാക്ക് ഹോക്സ്, കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്, കൊൽക്കത്ത തണ്ടർബോൾട്ട്സ്, മുംബൈ മെറ്റിയോഴ്സ് എന്നിങ്ങനെ ഒമ്പത് ഫ്രാഞ്ചൈസികളാണ് ലീഗ് ട്രോഫിക്കായി മത്സരിക്കുക. ചെന്നൈയിലെ എസ്ഡിഎടി മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിൽ മാർച്ച് 21ന് ഫൈനൽ മത്സരം നടക്കും. ഉദ്ഘാടന മത്സരത്തിൽ, നിലവിലെ ചാമ്പ്യൻമാരായ അഹമ്മദാബാദ് ഡിഫൻഡേഴ്സ് ആതിഥേയരായ ചെന്നൈ ബ്ലിറ്റ്സിനെ നേരിടും.

കഴിഞ്ഞ വർഷത്തെ റണ്ണേഴ്സ് അപ്പായ ബെംഗളൂരു ടോർപ്പിഡോസ് അതേ ദിവസം തന്നെ സീസൺ ഒന്നിലെ ജേതാക്കളായ കൊൽക്കത്ത തണ്ടർബോൾട്ട്സിനെ നേരിടും. ഫെബ്രുവരി 16ന് രാത്രി 8.30ന് കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്കാലിക്കറ്റ് ഹീറോസ് മത്സരം നടക്കും. സ്പോർട്സ് മാർക്കറ്റിംഗ് സ്ഥാപനമായ ബേസ്ലൈൻ വെഞ്ചേഴ്സിന്റെ സഹ ഉടമസ്ഥതയിലുള്ളതും, അവർ എക്സ്ക്ലൂസീവ്ലി മാർക്കറ്റിങ് ചെയ്യുന്നതുമായ റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23യുടെ മൂന്നാം സീസൺ മൂന്നാം സീസൺ, സൂപ്പർ 5 എന്ന ആശയം അവതരിപ്പിക്കുന്നതോടെ ആവേശകരമായ ഒരു പുതിയ ഫോർമാറ്റ് കൊണ്ടുവരും. മാർച്ച് 11നും മാർച്ച് 18 നും ഇടയിലായിരിക്കും സൂപ്പർ 5 ഘട്ട മത്സരങ്ങൾ നടക്കുക. ലീഗ് ഘട്ടത്തിലെ മികച്ച അഞ്ച് ടീമുകളായിരിക്കും അവസാന മൂന്ന് ടീമുകളെ നിർണയിക്കാൻ റൗണ്ട് റോബിൻ ഫോർമാറ്റിൽ മത്സരിക്കുക. സൂപ്പർ 5ൽ ഒന്നാമതെത്തുന്ന ടീം ഫൈനലിലേക്ക് നേരിട്ട് യോഗ്യത നേടും, രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ടീമുകൾ മാർച്ച് 19ന് എലിമിനേറ്ററിൽ മത്സരിക്കും. എലിമിനേറ്റർ വിജയിയാകും ഫൈനലിൽ ഇടം നേടുന്ന രണ്ടാമത്തെ ടീം.

അതിന്റെ വർധിച്ചുവരുന്ന ജനപ്രീതി കാരണം, റുപേ പ്രൈം വോളിബോൾ ലീഗിന്റെ തുടക്കം മുതൽ ഞങ്ങളുടെ നഗരത്തിൽ ഒരു പതിപ്പ് സംഘടിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിച്ചിരുന്നുവെന്ന് തമിഴ്നാട് യുവജനക്ഷേമ കായിക വികസന മന്ത്രി ഉദയനിധി സ്റ്റാലിൻ പറഞ്ഞു. തെക്കൻ മേഖലകളിൽ വോളിബോളിന് അനുദിനം കുതിച്ചുയരുന്ന സാനിധ്യമുണ്ടെന്ന് റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 സിഇഒ ജോയ് ഭട്ടാചാര്യ പറഞ്ഞു. ചെന്നൈയ്ക്ക് വലിയരീതിയിൽ വോളിബോൾ ആരാധകരുണ്ട്, ഇന്ത്യയിലും വിദേശത്തുമുള്ള മികച്ച പ്രതിഭകൾ പങ്കെടുക്കുന്ന ലീഗിന് സാക്ഷ്യം വഹിക്കുന്നതിൽ അവർ ആവേശഭരിതരാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 2024 ഫെബ്രുവരി 15 മുതൽ റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 മത്സരങ്ങൾ സോണി സ്പോർട്സ് ടെൻ1 എസ്ഡി & എച്ച്ഡി, സോണി സ്പോർട്സ് ടെൻ3 എസ്ഡി & എച്ച്ഡി (ഹിന്ദി), സോണി സ്പോർട്സ് ടെൻ4 എസ്ഡി & എച്ച്ഡി എന്നിവയിൽ വൈകുന്നേരം 6.30 മുതൽ തത്സമയം കാണാം.

# കടയടപ്പ് സമരത്തിൽ പങ്കെടുക്കും: സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ

**കൊച്ചി:**കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 13 ന് സംസ്ഥാന വ്യാപകമായി നടക്കുന്ന കടയടപ്പ് സമരത്തിന് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസ്സിയേഷൻ ഓഫ് കേരളയും(എസ്.ഡബ്ല്യൂ.എ.കെ).പിന്തുണ പ്രഖ്യാപിച്ചു. പലിശയ്ക്ക് പണം കടമെടുത്തും ബാങ്ക് വായ്പെടുത്തുമൊക്കെയാണ് ഭൂരിഭാഗം വ്യാപാരികളും ഈ രംഗത്തേയ്ക്ക് ഇറങ്ങിയിരിക്കുന്നത്. എന്നാൽ അവരെ കൂടുതൽ കടക്കെണിയില്ലാക്കുന്നതരത്തിലാണ് സർക്കാരിന്റെ പല തീരുമാനങ്ങളും നികുതി നിർദ്ദേശങ്ങളും. ഇതിനെതിരെ ഏകോപന സമിതി ആഹ്വാനം ചെയ്തിരിക്കുന്ന കടയടപ്പ് സമരത്തിരത്തിൽ സംസ്ഥാനത്തെ മുഴുവൻ സൂപ്പർമാർക്കറ്റുകളും പങ്കെടുക്കുമെന്ന് സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസ്സിയേഷൻ ഓഫ് കേരള സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ടയും, സംസ്ഥാന ജനറൽ സെക്രട്ടറി കെ എ സിയാവുദ്ദീനും വ്യക്തമാക്കി. സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന എല്ലാ വിധ ലൈസൻസുകളും എടുത്തും, കൃത്യമായി നികതിയടച്ചും പ്രവർത്തിക്കുന്ന കേരളത്തിലെ സൂപ്പർമാർക്കറ്റുകളെയും ചെറുകിട, ഇടത്തരം വ്യാപാര സ്ഥാപനങ്ങളെയുമെല്ലാം ഇല്ലായ്മ ചെയ്യുന്നതാണ് സർക്കാർ നയമെന്നും ഇത് തിരുത്തണമെന്നും എസ്.ഡബ്ല്യൂ.എ.കെ ഭാരവാഹികൾ ആവശ്യപ്പെട്ടു.

# വി.വി. ശ്യാംലാൽ ചുമതലയേറ്റു

**കൊച്ചി:** ജില്ലാ സാക്ഷരതാ മിഷൻ കോഓഡിനേറ്ററായി വി.വി. ശ്യാംലാൽ ചുമതലയേറ്റു. തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, തിരുവനന്തപുരം ജില്ലകളിൽ കോ ഓഡിനേറ്ററായി പ്രവർത്തിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി സാക്ഷരതാ പദ്ധതി , പറമ്പിക്കുളം പ്രാഥമിക വിദ്യാഭ്യാസ പദ്ധതി തുടങ്ങിയ പരിപാടികൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. എറണാകുളം ചെറായി സ്വദേശിയാണ്.

# ഭിന്നശേഷിക്കാരായ കുട്ടികളുടെ സർഗോൽസവം അരങ്ങേറി

**കൊച്ചി:** ഭിന്നശേഷിക്കാരായ കുട്ടികൾക്കായി റോട്ടറി കൊച്ചിൻ ഇന്റർനാഷണൽ (ആർ.സി.ഐ) സംഘടിപ്പിച്ച സർഗോൽസവം. 'ഭാവന 2024' ചീഫ് ഗസ്റ്റ് സർജിയോൻ കമ്മോഡൊർ ഡോ.അജിത് ഗോപിനാഥ്, മുൻ റോട്ടറി ഡിസ്ട്രിക്റ്റ് 3201 ഗവർണർ രാജ്മോഹൻ നായർ, ഡിസ്ട്രിക്ട് കൗൺസിലർ ബി ബാലഗോപാൽ,ഡിസ്ട്രിക്ട് ഡയറക്ടർ അരവിന്ദ് പി എസ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. ആർ.സി.ഐ പ്രസിഡന്റ് ഡോ. സോണി ജോർജ് അധ്യക്ഷത വഹിച്ചു. ഭാവന ചെയർമാൻ റെജി സഖറിയ,അസീസി സ്കൂൾ ഡയറക്ടർ ഫാദർ ബൈജു ബെൻ, റോട്ടറി അസിസ്റ്റന്റ് ഗവർ




ണർ സ്വേതാ ആർസിഐ സെക്രട്ടറി ഷാജു മാത്യു നന്ദി സംസാരിച്ചു. കാക്കനാട് ചെമ്പുമുക്ക് അസീസി വിദ്യാനികേതൻ പബ്ലിക്ക് സ്കൂളിലായിരുന്നു പരിപാടികൾ.

ആർ.സി.ഐ ഭാവന 2024 അച്ചീവർ അവാർഡ് ബ്ലൈൻഡ് ക്രിക്കറ്റ് ഗോൾഡ് വിന്നർ ആയ ഇന്ത്യൻ വിമൻസ് ബ്ലൈൻഡ് ക്രിക്കറ്റ് ടീമംഗം കുമാരി സാന്ദ്ര ഡേവിസ് എന്ന ഭിന്നശേഷിക്കാരിക്കു സമ്മാനിച്ചു. കേരളത്തിലെ 38 സ്പെഷൽ സ്കൂളുകളിൽനിന്നായി 500ൽ പരം അധ്യാപകരും രക്ഷിതാക്കളും 1500 ലേറെ വിദ്യാർഥികളും പങ്കെടുത്ത ആർ.സി.ഐ. ഭാവന സംസ്ഥാനത്ത് ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള ഏറ്റവും വലിയ കലോൽസവമാണ്. ഗ്രാൻഡ് അവാർഡ് സെറിമണിയോടെ സമാപിച്ച ഭാവന വിഭിന്നശേഷിക്കാരായ കുട്ടികളുടെ സർഗമികവിനെ ആദരിക്കുന്നതായി. സംഘനൃത്തം, സംഘഗാനം, പെയിന്റിങ്, ഡ്രോയിങ്, ഫാഷൻ റാമ്പ് വാക് എന്നീ ഇനങ്ങളിൽ ശാരീരിക ഭിന്നശേഷി, മാനസിക ഭിന്നശേഷി വിഭാഗങ്ങളിലായി മൽസരങ്ങൾ നടന്നു. പൂർണമായും ആർ.സി.ഐ ആവിഷ്കരിച്ചു നടപ്പാക്കിയ പരിപാടിയാണിത്. പങ്കെടുത്ത എല്ലാ കുട്ടികൾക്കും വളരെ ഉപയോഗപ്രദമായ സ്റ്റീൽ വാട്ടർ ബോട്ടിലുകൾ സമ്മാനിച്ചു. നേരത്തേ സ്കൂളുകൾക്ക് ആർ.ഒ സംവിധാനമുള്ള വാട്ടർ പ്യൂരിഫൈർ , മിക്സർ ഗ്രൈൻഡറുകൾ, തയ്യൽ മെഷിനുകൾ, വീൽ ചെയറുകൾ എന്നിവ നൽകിയിരുന്നു.




# കോശ അധിഷ്ഠിത വളർത്തു മത്സ്യമാംസം വികസിപ്പിക്കാൻ സിഎംഎഫ്ആർഐ

**കൊച്ചി:** ഇന്ത്യയിൽ ആദ്യമായി, സെൽകൾച്ചറിലൂടെ ലബോറട്ടറിയിൽ മത്സ്യമാംസം വളർത്തിയെടുക്കുന്നതിനുള്ള ഗവേഷണത്തിനൊരുങ്ങി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഉയർന്ന വിപണി മൂല്യമുള്ള കടൽമത്സ്യങ്ങളായ നെയ്മീൻ, ആവോലി തുടങ്ങിയ മീനുകളിലാണ് ആദ്യഘട്ടത്തിൽ ഗവേഷണം നടത്തുന്നത്. മീനുകളിൽ നിന്നും പ്രത്യേക കോശങ്ങൾ വേരി!തിരിച്ചെടുത്ത് ലബോറട്ടറി അന്തരീക്ഷത്തിൽ വളർത്തിയെടുക്കുന്നതാണ് കോശ അധിഷ്ഠിത വളർത്തു മത്സ്യമാംസം. മീനുകളുടെ തനത് രുചിയും പോഷകഗുണങ്ങളും ഇങ്ങനെ വളർത്തിയെടുക്കുന്ന മാംസത്തിനുണ്ടാകും. സമുദ്രഭക്ഷ്യ വിഭവങ്ങൾക്കുള്ള വർധിച്ചുവരുന്ന ആവശ്യകത നിറവേറ്റാനും കടൽമത്സ്യസമ്പത്തിന്റെ അമിതചൂഷണം ഒഴിവാക്കാനും ഈ പദ്ധതി സഹായിക്കും.ഈ മേഖലയിൽ പൊതു സ്വകാര്യ പങ്കാളിത്തരീതിയിലുള്ള ഗവേഷണ സഹകരണത്തിനായി ഡൽഹി ആസ്ഥാനമായുള്ള നീറ്റ് മീറ്റ് ബയോടെക് എന്ന സ്റ്റാർട്ടപ്പ് കമ്പനിയമുമായി സിഎംഎഫ്ആർഐ ധാരണയായി. കടൽ മീനുകളുടെ കോശവികസന ഗവേഷണത്തിന് സിഎംഎഫ്ആർഐ നേതൃത്വം നൽകും. സെല്ലുലാർബയോളജി ഗവേഷണങ്ങൾക്ക് ഉപയോഗിക്കുന്ന സിഎംഎഫ്ആർഐയിലെ സെൽ കൾച്ചർ ലബോറട്ടറിയിലാണ് പരീക്ഷണം നടത്തുക. കൂടാതെ, ജനിതക ജൈവരാസ വിശകലന പഠനങ്ങളും സിഎംഎഫ്ആർഐ നടത്തും. കോശവളർച്ച അനുകൂലമാക്കുന്നതടക്കമുള്ള മറ്റ് പ്രവർത്തനങ്ങളും ബയോറിയാക്ടറുകളിലൂടെ ഉൽപാദനം കൂട്ടുന്നതിനും നീറ്റ് മീറ്റ് ബയോടെക് നേതൃത്വം നൽകും.

മറ്റ് ലോകരാജ്യങ്ങൾക്കൊപ്പം ഇന്ത്യയെ ഈ രംഗത്ത് മുൻനിരയിലെത്തിക്കുന്നതിനുള്ള ഗവേഷണ പുരോഗതിയാണ് ലക്ഷ്യമിടുന്നതെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ പറഞ്ഞു. കോശ അധിഷ്ഠിത മത്സ്യമാംസ മേഖലയിൽ സിംഗപ്പൂർ, ഇസ്രയേൽ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളുടെ ഗവേഷണ പുരോഗതിക്കൊപ്പമെത്താൻ ഈ പൊതുസ്വകാര്യ ഗവേഷണ പങ്കാളിത്തം ഇന്ത്യയെ സഹായിക്കുമെന്നാണ് കരുതുന്നത്.ഭക്ഷ്യപോഷക സുരക്ഷ കൈവരിക്കാൻ മാത്രമല്ല സമുദ്രപരിസ്ഥിതി മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കുന്നതിനും ഈ പദ്ധതി ഗുണം ചെയ്യും. ആവശ്യകതക്കനുസരിച്ച് സുസ്ഥിരവും സുരക്ഷിതവുമായ സീഫുഡ് ഉൽപാദനത്തിന് പുതിയ നീക്കം വഴിയൊരുക്കമെന്നും അദ്ദേഹം പറഞ്ഞു.




# നിറ്റ്കാ കൊച്ചിൻ അവാർഡുകൾ വിതരണം ചെയ്തു

**കൊച്ചി:** കോഴിക്കോട് റീജിയണൽ എൻജിനിയറിംഗ് കോളജ് പൂർവ്വ വിദ്യാർഥികളുടെ സംഘടനയായ നിറ്റ്കാ കൊച്ചിൻ ചാപ്റ്റർഏർപ്പെടുത്തിയ എൻജിനിയറിംഗ് മേഖലയിലെ വിശിഷ്ട അധ്യാപകനുള്ള പ്രൊഫ. കെ എം ബഹാവുദ്ദീൻ പുരസ്ക്കാരത്തിന്എൻ ഐ ടി കാലിക്കറ്റ് മെറ്റീരിയൽ സയൻസ് ഡിപ്പാർട്ട്മെന്റിലെ പ്രൊഫ. സി ബി ശോഭൻ അർഹനായി.

ഒരു ലക്ഷം രൂപയുംഫലകവും പ്രശസ്തിപത്രവുമാണ് പുരസ്ക്കാരം. കാക്കനാട് റെക്കാ ക്ലബ്ബിൽ നടന്ന നിറ്റ്കാ കൊച്ചിൻ ചാപ്റ്റർ കുടുംബ സംമഗത്തിൽ എൻ ഐ ടി കാലിക്കറ്റ് ഡയറക്ടർ ഡോ. പ്രസാദ് കൃഷ്ണ പുരസ്ക്കാരം വിതരണം ചെയ്തു. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് സിവിൽ ഡിവിഷൻ ചെയർമാൻജോസ് കുര്യൻ വിശിഷ്ടാതിഥിയായി. ചടങ്ങിൽ നിറ്റ്കാ കൊച്ചിൻ പ്രസിഡന്റ് ഡാറിൽ ആൻഡ്രൂ അധ്യക്ഷത വഹിച്ചു. സെക്രട്ടറി സന്തോഷ് മേലേകളത്തിൽ നന്ദി പറഞ്ഞു. എൻ ഐ ടിയിലെ 2024 വർഷത്തെ മികച്ച വിദ്യാർഥിയായി തെരഞ്ഞെടുക്കപ്പെട്ട ഇലക്ട്രോണിക്സിലെ എസ് ലിഖിത്തിന്പ്രൊഫ. പി എം ജൂസ്സേ സ്മാരക പുരസ്ക്കാരം ജോസ് കുര്യൻ കൈമാറി. വിവിധ എൻജിനിയറിംഗ് കോളജുകളിലെ തെരഞ്ഞടെടുക്കപ്പെട്ട 15 വിദ്യാർഥികൾക്ക് നിറ്റ്കാ കൊച്ചിൻ ചാപ്റ്റർസ്കോളർഷിപ്പുകളും വിതരണം ചെയ്തു. നാലു വർഷത്തേക്കുള്ള സ്കോളർഷിപ്പ് പദ്ധതിയിൽ മുൻവർഷങ്ങളിലെ ഉൾപ്പെടെ 42 വിദ്യാർഥികൾ ഗുണഭോക്താക്കളാണ്. കൊച്ചി മേഖലയിലുള്ള നൂറുകണക്കിന് എൻ ഐ ടി കാലിക്കറ്റ് പൂർവ്വ വിദ്യാർഥികളും കുടുംബാംഗങ്ങളും പങ്കെടുത്ത ചടങ്ങിൽഎൻ ഐ ടി കാലിക്കറ്റിലെ മുതിർന്ന അധ്യാപകരും വിരമിച്ച അധ്യാപകരും പങ്കെടുത്തു. അവാർഡ്ദാന ചടങ്ങിന് ശേഷം വിവിധകലാപരിപാടികൾ അരങ്ങേറി.

# കടയടപ്പ് സമരത്തിന് കെ.എച്ച്.ആർ.എ. പിന്തുണയ്ക്കും

**കൊച്ചി:** ചെറുകിട വ്യാപാര മേഖല നേരിടുന്ന 29 ആവശ്യങ്ങൾ ഉന്നയിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി നടത്തുന്ന വ്യാപാരസംരക്ഷണ മാർച്ചിനും, വ്യാപാര സംഗമത്തിനും പിന്തുണ നൽകുവാൻ കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ തീരുമാനിച്ചു. ഉറവിട മാലിന്യ സംസ്കരണമടക്കമുള്ള വിഷയങ്ങൾ സംസ്ഥാനത്തെ ഭക്ഷ്യോൽപാദന വിതരണ മേഖലയും നേരിടുന്ന പ്രശ്നങ്ങളാണ്. ഈ ആവശ്യങ്ങൾക്കെല്ലാം ശാശ്വതപരിഹാരം കണ്ടെത്തി ചെറുകിട വ്യാപാര മേഖലയെ സംരക്ഷിക്കണമെന്നാണ് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷന്റേയും നിലപാട്. അതിനാലാണ് പ്രതിഷേധ സംഗമത്തിനും ഫെബ്രുവരി 13ലെ കടയടപ്പ് സമരത്തിനും സംഘടന പിന്തുണ നൽകുവാൻ തീരുമാനിച്ചത്. എല്ലാ കെ.എച്ച്.ആർ.എ. അംഗങ്ങളും സമരത്തിന് പിന്തുണ നൽകി ഫെബ്രുവരി 13ന് കടകളടച്ച് സഹകരിക്കണമെന്ന് സംസ്ഥാന പ്രസിഡന്റ് ജി. ജയപാലും ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണ പൊതുവാളും അഭ്യർത്ഥിച്ചു.

# കെഎഫ്സി പുതിയ ലഞ്ച് സ്പെഷ്യൽ അവതരിപ്പിച്ചു

**കൊച്ചി** :കെഎഫ്സി ഇന്ത്യ പുതിയ ലഞ്ച് സ്പെഷ്യൽ അവതരിപ്പിച്ചു. 149 രൂപ മുതലാണ് ലഞ്ച് സ്പെഷ്യൽ ആരംഭിക്കുന്നത്. ലോംഗർ ബർഗറുകൾ, റോൾസ്, അല്ലെങ്കിൽ ഹോട്ട് & ക്രിസ്പി ചിക്കൻ, പെരി പെരി ചിക്കൻ സ്ട്രിപ്സ് എന്നിവയ്ക്കൊപ്പമുള്ള റൈസ് ബൗൾസ് എന്നിവയുൾപ്പെടെ വിവിധതരം ഭക്ഷണങ്ങളിൽ നിന്ന് തിരഞ്ഞെടുക്കാം, കൂടാതെ ഫ്രൈസ്, പാനീയങ്ങൾ എന്നിവയും. ഉപഭോക്താക്കൾക്ക് വെജ്, നോൺ വെജ് ഓപ്ഷനുകളിൽ നിന്ന് തിരഞ്ഞെടുക്കാൻ കഴിയും. എല്ലാ കെഎഫ്സി റെസ്റ്റോറന്റുകളിലും രാവിലെ 11:00 മണി മുതൽ വൈകുന്നേരം 4:00 മണി വരെ ലഞ്ച് സ്പെഷ്യലുകൾ ലഭ്യമാണ്.

# ഗ്ലോബൽ പബ്ലിക് സ്കൂൾ: ഫുട്ബോൾ, ബാഡ്മിന്റൺ ജില്ലാതല ടൂർണ്ണമെന്റുകൾ ഇന്നു മുതൽ

**കൊച്ചി:** തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂൾ സംഘടിപ്പിക്കുന്ന ജില്ലാതല പത്താമത് ക്ലാസിക് കപ്പ് ഫുട്ബോൾ, രണ്ടാമത് സൂപ്പർ സെർവ് ബാഡ്മിന്റൺ ടൂർണ്ണമെന്റുകൾ ഇന്ന് ആരംഭിക്കും. ബാഡ്മിന്റൺ രാവിലെ 8.30നു ഗ്ലോബൽ പബ്ലിക് സ്കൂൾ ഇൻഡോർ സ്റ്റേഡിയത്തിലും ഫുട്ബോൾ സിന്തറ്റിക് ടർഫ് സ്റ്റേഡിയത്തിലും നടക്കും.പതിനൊന്ന് വയസു മുതൽ 16 വയസു വരെയുള്ള കുട്ടികൾക്കായാണ് മൽസരങ്ങൾ. ജില്ലയിലെ പതിനഞ്ച് സ്കൂളുകളിൽ നിന്നായി മൂന്നുറോളം കുട്ടികൾ ഇരു ടൂർണ്ണമെന്റുകളിലുമായി പങ്കെടുക്കും.സ്പോർട്ട് ഹുഡ് കോ ഫൗണ്ടറും ചീഫ് ഓപ്പറേറ്റിങ് ഓഫീസറുമായ അരുൺ വി. നായർ ഉദ്ഘാടനം നിർവ്വഹിക്കും. സ്കൂൾ പ്രിൻസിപ്പാൾ സരിതാ ജയരാജ് അധ്യക്ഷയാകും.

# ജൂഡോ ചാമ്പൻഷിപ്പ്:സെലക്ഷൻ ട്രയൽസ് ഇന്ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2023–24 അധ്യയന വർഷത്തെ ഇന്റർ യൂണിവേഴ്സിറ്റി ജൂഡോ ചാമ്പ്യൻഷിപ്പിനുള്ള സർവ്വകലാശാല ടീമിന്റെ (പുരുഷ/വനിത) സെലക്ഷൻ ട്രെയൽസ് ഇന്ന് വൈകിട്ട് മൂന്നിന് സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലുള്ള കായിക പഠന വിഭാഗത്തിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ സർവ്വകലാശാല തിരിച്ചറിയൽ കാർഡ് സഹിതം എത്തിച്ചേരേണ്ടതാണ്.

# സ്കാൽ ഇന്റർനാഷണൽ : ഭാരവാഹികളെ തിരഞ്ഞെടുത്തു

**കൊച്ചി:** ലോകത്തിലെ ട്രാവൽ ആന്റ് ടൂറിസം മേഖലയിലെ പ്രൊഫണലുകളെ കൂട്ടിച്ചേർക്കുന്ന സ്കാൽ ഇന്റർനാഷണലിന്റെ കൊച്ചി 2024 26 വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഇൻഫിനിറ്റി ഹോസ്പിറ്റാലിറ്റി സർവീസസ് സി ഇ ഒ ഡോ. നിർമല ലില്ലി പ്രസിഡന്റും അൽഹിന്ദ് ടൂർസ് ആന്റ് ട്രാവൽസ് പ്രൈവറ്റ് ലിമിറ്റഡ് റീജ്യണൽ മാനേജർ ഗിരീഷ് ജി നായർ ഹോണററി സെക്രട്ടറിയുമാണ്. ക്രൗൺ പ്ലാസ ഹോട്ടൽ ജനറൽ മാനേജർ ദിനേഷ് റായ് ഫസ്റ്റ് വൈസ് പ്രസിഡന്റും സ്പൈസ് ലാന്റ് ഹോളിഡേയ്സ് എം ഡി റിയാസ് യു സി സെക്കന്റ് വൈസ് പ്രസിഡന്റുമാണ്. ജോർജിയൻ ഹോളിഡെയ്സ് പ്രൈവറ്റ് ലിമിറ്റഡ് എം ഡി ജോർജ് പീറ്റർ ആണ് ട്രഷറർ.



കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര നയിക്കുന്ന വ്യാപാര സംരക്ഷണയാത്ര കാസർഗോഡ് പെരിങ്ങമല രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു




# സമുദ്രോത്പന്നങ്ങളുടെ ഡികംപോസിഷൻ; സിഫ്റ്റിൽപരിശീലനം ആരംഭിച്ചു

**കൊച്ചി:** ഐസിഎആർസെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (സിഐഎഫ്ടി), ജോയിന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫുഡ് സേഫ്റ്റി ആൻഡ് അപ്ലൈഡ് ന്യൂട്രീഷൻ (ജിഫ്സാൻ), യുഎസിലെ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (എഫ്ഡിഎ) എന്നിവയുമായി സഹകരിച്ച് ഇന്ത്യയിൽ നിന്നുള്ള സമുദ്രോത്പന്ന കയറ്റുമതിയുടെ ഗുണനിലവാരം ഉയർത്തുന്നതിനായുള്ള പരിശീലന പരിപാടികൾ സിഫ്റ്റിൽ ആരംഭിച്ചു. ജനുവരി 29 മുതൽ 30 വരെയും ഫെബ്രുവരി 1 മുതൽ 2 വരെയും സിഐഎഫ്ടി കാമ്പസിൽ രണ്ട് ബാച്ചുകളിലായി 'സീഫുഡ് ഡികംപോസിഷൻ' എന്ന വിഷയത്തിൽ പരിശീലന പരിപാടികൾ നടക്കും .സമുദ്രോത്പന്നങ്ങളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനുള്ള രീതിയായ സെൻസറി വിശകലനത്തിൽ സമുദ്രോത്പന്ന കയറ്റുമതിക്കാർക്കും പരിശോധകർക്കും വൈദഗ്ധ്യം നൽകുവാൻ ഈ പരിശീലനം ലക്ഷ്യമിടുന്നു. തത്ഫലമായി സമുദ്രോല്പന്ന ഉപഭോക്താക്കൾക്ക് മികച്ച സമുദ്ര വിഭവം ഉറപ്പുവരുത്താനും നിലവാരം കുറഞ്ഞ സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി നിശ്ശേഷം ഇല്ലാതാക്കാനും ഈ പരിശീലനം വഴി ലക്ഷ്യമിടുന്നു.കൊച്ചിയിലെ ഐ സി എ ആർ സിഫ്ട് കാമ്പസിൽ ഇന്നലെ ആരംഭിച്ച പരിശീലന പരിപാടിയിൽ

സർക്കാർ, സ്വകാര്യ മേഖലകളിൽ നിന്നുള്ള ഏകദേശം 50 ഓളം ഉദ്യോഗസ്ഥർ പങ്കെടുത്തു. ഉദ്ഘാടനത്തിൽ അധ്യക്ഷത വഹിക്കവെ സെൻസറി രീതികൾ ഉപയോഗിച്ചുള്ള പരിശോധന സമുദ്രോത്പന്ന മേഖലയിൽ അനുവർത്തിക്കേണ്ട ഏറ്റവും പ്രധാനമായ ഒരു പരിശീലന രീതിയാണെന്ന് സിഫ്ട് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അഭിപ്രായപ്പെട്ടു.സമുദ്രോത്പന്ന കയറ്റുമതി വ്യവസായം അഭിവൃദ്ധി നേടാനും ഇന്ന് നേരിടുന്ന സങ്കീർണതകളും വെല്ലുവിളികളും തരണം ചെയ്യുവാനും ഒരു രാജ്യാന്തര സഹകരണം ഉറപ്പുവരുത്താൻ ഇത്തരം പരിശീലനങ്ങൾ അത്യന്താപേക്ഷിതമാണെന്ന് സദസിൽ സംസാരിക്കവെ യുഎസ്എഫ്ഡിഎയിലെ ഇന്ത്യൻ ഓഫീസ് കൺട്രി ഡയറക്ടർ ഡോ. സാറാ മക് മൗലൻ പറഞ്ഞു. സമുദ്രോത്പന്ന കയറ്റുമതിക്കാർക്കും പരിശോധകർക്കും തുടർച്ചയായി നൽകുന്ന പരിശീലന സെഷനുകളിലൂടെ ഇന്ത്യൻ സമുദ്രോത്പന്ന കയറ്റുമതി വ്യവസായത്തിൽ ഒരു ശുഭാപ്തി വീക്ഷണം വളർത്തിയെടുക്കുന്നതിനുള്ള യുഎസ്എഫ്ഡിഎയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് ഈ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്. ഐ സി എ ആർ സിഫ്ട് യു എസ് എഫ് ഡി എ, ജിഫ്സാൻ എന്നിവയുമായി സഹകരിച്ച് ഇന്ത്യയിൽ നടത്തുന്ന ആദ്യത്തെ സമുദ്രോത്പന്ന ഡികോമ്പോസിഷൻ പരിശീലമാണിത്.സിഫ്ടിലെ ക്വാളിറ്റി അഷ്വറൻസ് ആൻഡ് മാനേജ്മെന്റ് വിഭാഗം മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. എ എ സൈനുദ്ധീൻ, ജിഫ്സാനിൽ നിന്നുള്ള അക്വാകൾച്ചർ ആൻഡ് സീഫുഡ് സേഫ്റ്റി വിദഗ്ധൻ ബ്രെറ്റ് കൂൺസെ, സിഫ്ടിലെ മത്സ്യ സംസ്കരണ വിഭാഗം മേധാവിയും പ്രിൻസിപ്പൽ സയന്റിസ്റ്റുമായ ഡോ. ബിന്ദു ജെ എന്നിവർ ചടങ്ങിൽ സംസാരിച്ചു. യു എസ് എഫ് ഡി എ, ജിഫ്സാൻ എന്നിവടങ്ങളിൽ നിന്നുള്ള 11 ഓളം പരിശീലകർ നിർദിഷ്ട പരിശീലനങ്ങളിൽ പങ്കെടുക്കുന്നുണ്ട്.

# ഐക്യൂ നിയോ 9 പ്രോ ഫെബ്രുവരി 22ന് പുറത്തിറക്കും




**കൊച്ചി:** ക്യുവൽകോം സ്നാപ്ഡ്രാഗൺ 8 ജനറേഷൻ 2 പ്ലാറ്റ്ഫോമിലുള്ള ഐക്യൂ നിയോ 9 പ്രോ ഫെബ്രുവരി 22ന് ഇന്ത്യയിൽ പുറത്തിറക്കും. ഐക്യു നിയോ ഏഴിന്റെ പിന്തുടർച്ചയായയാണ് നിയോ 9 പ്രോ എത്തുന്നത്. 8, 256 ജിബി, 12, 256 ജിബി എന്നീ രണ്ടു വേരിയന്റുകളും ആമസോൺ ഇന്ത്യയിലും ഐക്യൂ ഇസ്റ്റോറുകളിലും വിൽപനയ്ക്കു ലഭ്യമാകും. 144 എഫ്പിഎസ് വരെ ഗെയിമിങ്ങും 900 പിക്സൽ വരെ സൂപർ റസലൂഷനും നൽകും വിധം ഐക്യൂവിന്റെ സ്വന്തം സൂപർ കംപ്യൂട്ടിങ് ചിപ് ക്യൂ1 ആണ് ഇതിലുള്ളതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ആമസോൺ ഇന്ത്യയിൽ ഐക്യൂ നിയോ 9 പ്രോ എന്നു സർച്ചു ചെയ്യുന്ന ഉപഭോക്താക്കൾക്ക് ആമസോൺ പേ ബാലൻസിൽ 40,000 രൂപ വരെ പേ ബാലൻസ് വിജയിക്കാനുള്ള അവസരവും ഇതോടൊപ്പം ഒരുക്കുന്നുണ്ട്.

# കാർബൺ മലിനീകരണം കുറയ്ക്കൽ: ഗോ ഗ്രീൻ പ്ലസ് പാത സ്വീകരിച്ച് ഫെഡറൽ ബാങ്ക്

**കൊച്ചി:** കുറിയർ കൈമാറ്റങ്ങളിൽ പരിസ്ഥിതി ആഘാതം ലഘൂകരിക്കാനുള്ള ഡിഎച്ച്എൽ എക്സ്പ്രസ് ഇന്ത്യയുടെ 'ഗോഗ്രീൻ പ്ലസ്' പദ്ധതിക്കൊപ്പം കൈകോർത്തുകൊണ്ട്, കാർബൺ മലിനീകരണം കുറച്ചുകൊണ്ടുവരുന്നതിനുള്ള ലക്ഷ്യത്തിലേക്ക് ഫെഡറൽ ബാങ്ക് പുതിയ ചുവട് വച്ചു. വിദേശങ്ങളിലേക്ക് കുറിയർ അയക്കുമ്പോഴും അവിടെ നിന്ന് സ്വീകരിക്കുമ്പോഴും സൃഷ്ടിക്കപ്പെടുന്ന കാർബൺ മലിനീകരണം ഗണ്യമായി കുറയ്ക്കുകയാണ് ബാങ്കിന്റെ ലക്ഷ്യം.'ബാങ്കിന്റെ പാരിസ്ഥിതിക, സാമൂഹിക, ഭരണനിർവഹണ (ഇഎസ്ജി) പ്രതിജ്ഞാബദ്ധതയുടെ ഭാഗമായാണ് ഡിഎച്ച്എല്ലുമായുള്ള കരാറിൽ ഗോ ഗ്ലീൻ പ്ലസ് സേവനം ഉൾപ്പെടുത്തിയത്. കുറിയർ സേവനങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്ന കാർബൺ മലിനീകരണം കുറയ്ക്കുന്നതിന് സുസ്ഥിര വ്യോമ ഇന്ധനമാണ് (എസ് എ എഫ്) ഗ്രോ ഗ്രീൻ പ്ലസ് സേവങ്ങൾക്ക് ഡിഎച്ച്എൽ ഉപയോഗിക്കുന്നത്. ഇത് ബാങ്കിന്റേയും ലക്ഷ്യങ്ങളിലൊന്നാണ്,' ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ഓപ്പറേഷൻസ് മേധാവിയുമായ ജോൺസൺ കെ ജോസ് പറഞ്ഞു.

2023ൽ 18,473 മെട്രിക് ടൺ സ്കോപ് 3 കാർബൺ പുറന്തള്ളൽ ഒഴിവാക്കാൻ ഫെഡറൽ ബാങ്കിന് കഴിഞ്ഞു. ഡിഎച്ച്എലിന്റെ ഗോ ഗ്രീൻ പ്ലസ് സേവനം ഉപയോഗിക്കുന്നതിലൂടെ കാർബൺ മലിനീകരണം ഇനിയും ഗണ്യമായി കുറയ്ക്കാൻ കഴിയും. ഗോ ഗ്രീൻ പ്ലസ് ഉപയോഗപ്പെടുത്തുന്നതിലൂടെ വിദേശ കുറിയർ സേവനങ്ങൾ വഴിയുള്ള കാർബൺ പുറന്തള്ളലിൽ 30 ശതമാനം കുറവുവരുത്താൻ ഫെഡറൽ ബാങ്കിനു കഴിയുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

# സിഎസ്ബി ബാങ്കിന് 415 കോടി രൂപ അറ്റാദായം

**കൊച്ചി:** സിഎസ്ബി ബാങ്ക് 2023 ഡിസംബർ 31ന് അവസാനിച്ച ഒൻപതു മാസങ്ങളിൽ 415 കോടി രൂപ അറ്റാദായം കൈവരിച്ചു. മുൻ വർഷം ഇതേ കാലയളവിലെ അറ്റാദായം 391 കോടി രൂപയായിരുന്നു. ഡിസംബർ 31ന് അവസാനിച്ച ത്രൈമാസത്തിലെ അറ്റാദായം 150 കോടി രൂപയാണ്. ഡിസംബർ 31ന് അവസാനിച്ച ഒൻപതു മാസങ്ങളിൽ മുൻ വർഷം ഇതേ കാലയളവിലെ 506 കോടി രൂപയെ അപേക്ഷിച്ച് 9 ശതമാനം നേട്ടത്തോടെ 552 കോടി രൂപ പ്രവർത്തന ലാഭവും കൈവരിച്ചിട്ടുണ്ട്.ഒൻപതു മാസങ്ങളിലെ അറ്റ പലിശ വരുമാനം 11 ശതമാനം വർധിച്ച് 1090 കോടി രൂപയിലെത്തി. ഇക്കാലയളവിലെ പലിശ ഇതര വരുമാനം 104 ശതമാനം വർധിച്ച് 388 കോടി രൂപയിലുമെത്തി. ബാങ്കിൻറെ അറ്റ നിഷ്ക്രിയ ആസ്തികൾ മൂന്നാം ത്രൈമാസത്തിൽ 0.31 ശതമാനമാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു.കഴിഞ്ഞ ത്രൈമാസത്തിൽ തങ്ങൾ നിക്ഷേപങ്ങളുടെ കാര്യത്തിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചതെന്ന് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രലായ് മൊണ്ടൽ പറഞ്ഞു.

# സർവിക്കൽ കാൻസറിന് ഇന്ത്യയിൽ അതിജീവന നിരക്ക് 51.7 ശതമാനം മാത്രം

**കൊച്ചി:** സർവിക്കൽ ക്യാൻസറിനെ ഭൂമിയിൽ നിന്ന് തുടച്ചുനീക്കാൻ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് വിദഗ്!ദ്ധർ. വൈറസിനെതിരെയുള്ള വാക്സിനിലൂടെ ഫലപ്രദമായി തടയാവുന്നതാണ് ഈ കാൻസർ. പെൺകുട്ടികൾക്കും യുവതികൾക്കും വാക്സിനേഷൻ നൽകുന്നത് സാമൂഹിക ഉത്തരവാദിത്തമായി കണക്കാക്കണമെന്ന് അമൃത ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. അശ്വതി. സർവിക്കൽ കാൻസർ ബോധവത്കരണ മാസം ആചരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ കുറച്ച് വർഷങ്ങളായി സെർവിക്കൽ കാൻസറിനെ കുറിച്ച് അമൃത ഹോസ്പിറ്റൽ നടത്തുന്ന പഠനത്തിലെ വിവരങ്ങൾ ചൂണ്ടികാണിക്കുന്നു .

മിക്കവരിലും കാൻസറിന്റെ വികസിത ഘട്ടത്തിൽ രോഗനിർണയം നടത്തുന്നത് അതിജീവനം മോശമാകുന്നതിലേക്ക് നയിക്കുന്നുവെന്ന് ഡോ.അശ്വതി ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിലെ സ്ത്രീകളിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്ന കാൻസറുകളിൽ രണ്ടാം സ്ഥാനത്തും തിരുവനന്തപുരത്തെയും കൊല്ലത്തെയും കാൻസർ രജിസ്ട്രി പ്രകാരം കേരളത്തിൽ മൂന്നാംസ്ഥാനത്തുമുള്ള അർബുദമാണ് ഗർഭാശയഗള അർബുദം അഥവാ സർവിക്കൽ കാൻസർ. സെർവിക്കൽ ക്യാൻസറിന്റെ ശരാശരി 7.3 ആണ്, അതായത് ഒരു വർഷം 100000 സ്ത്രീകളിൽ 7 സ്ത്രീകൾക്ക് ഇത് ബാധിക്കപ്പെടുന്നു. എന്നാൽ, ഈ രോഗികളിൽ പകുതി, 51.7% മാത്രമാണ് ഇന്ത്യയിൽ രോഗനിർണയത്തിനു ശേഷം 5 വർഷം അതിജീവിക്കുന്നത്. ത്രിപുര പോലുള്ള ഇന്ത്യയുടെ വടക്കുകിഴക്കൻ ഭാഗങ്ങളിലാണ് അതിജീവനം ഏറ്റവും കുറവ്, 31%. അതിജീവനം ഏറ്റവും ഉയർന്നത് അഹമ്മദാബാദിലാണ്, 61.5%. തൊട്ടുപിന്നിൽ കേരളത്തിലെ രണ്ട് ജില്ലകളാണ്, തിരുവനന്തപുരവും കൊല്ലവും. 58.8% ഉം 56.1% ഉം ആണ് അവിടങ്ങളിലെ അതിജീവന നിരക്ക്. നഗര പ്രദേശങ്ങളിൽ താമസിക്കുന്നവരിലാണ് അതിജീവനം കൂടുതൽ. ഹ്യൂമൻ പാപ്പിലോമ എന്ന വൈറസ് ശരീരത്തിൽ വിടാതെ പിടിമുറുക്കുന്നതാണ് സർവിക്കൽ കാൻസറിലേക്ക് നയിക്കുന്നത്. നിരവധി ഗർഭധാരണങ്ങൾ, സ്വകാര്യഭാഗങ്ങളിലെ ശുചിത്വമില്ലായ്മ, കുറഞ്ഞ രോഗപ്രതിരോധശേഷി, പുകയില, ഒന്നിലധികം ലൈംഗിക പങ്കാളികൾ, ലൈംഗികജീവിതം നേരത്തെ ആരംഭിക്കുന്നത് തുടങ്ങിയവ വൈറസ് ബാധിക്കാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

ഒരാളുടെ ലൈംഗികജീവിതം വളരെ ഊർജ്ജസ്വലമായി നിൽക്കുന്ന കാലഘട്ടത്തിലാണ് വൈറസിന്റെ പ്രവർത്തനം. അതുകൊണ്ടു തന്നെ ചെറുപ്പക്കാരിലാണ് വൈറസ് ബാധിക്കാനുള്ള സാധ്യതയേറെയും. പത്ത് മുതൽ 15 വർഷം എടുത്താണ് വൈറസ് കോശത്തിന് രൂപമാറ്റം വരുത്തുന്നത്. കോശത്തിന് രൂപമാറ്റം സംഭവിക്കുന്ന സിഐഎൻ 1, സിഐഎൻ 2, സിഐഎൻ 3 എന്നിങ്ങനെയാണ് സെർവിക്കൽ കാൻസറിന് മുമ്പുള്ള ഘട്ടങ്ങൾ. ഇതിൽ ആദ്യഘട്ടം ശരീരം തന്നെ സുഖപ്പെടുത്തും. രണ്ടും മൂന്നും ഘട്ടങ്ങളാണ് കാൻസറായി മാറുന്നത്. അതുകൊണ്ട് തന്നെ സെർവിക്കൽ കാൻസറിന് പ്രത്യേകം ലക്ഷണങ്ങൾ തുടക്കത്തിൽ ശരീരം കാണിക്കില്ല. എന്നാൽ, കാൻസറായിക്കഴിഞ്ഞാൽ ലൈംഗികബന്ധത്തിന് ശേഷം രക്തസ്രാവം, ആർത്തവവിരാമത്തിന് ശേഷം രക്തസ്രാവം എന്നിങ്ങനെയുണ്ടാകാം. ഏറ്റവും പുതിയ ഐഐആർസി ഗ്ലോബോകാൻ റിപ്പോർട്ട് പ്രകാരം ഇന്ത്യയിൽ നിലവിൽ എച്ച്പിവി വാക്സിനേഷൻ നിരക്ക് 1 ശതമാനത്തിൽ താഴെയും നാഷണൽ ഫാമിലി ഹെൽത്ത് സർവേ പ്രകാരം സെർവിക്കൽ ക്യാൻസർ സ്ക്രീനിംഗ് കവറേജ് 23 ശതമാനവും മാത്രമാണ്. എറണാകുളത്ത് അടുത്തിടെ നടത്തിയ ഒരു പഠനം എച്ച്.പി.വി വാക്സിനേഷനെക്കുറിച്ചുള്ള അവബോധം ഇവിടെ മോശമാണെന്ന് കാണിക്കുന്നു. നാലിൽ ഒരാൾ മാത്രമാണ് വാക്സിനേഷനെക്കുറിച്ച് കേട്ടിട്ടുള്ളത്.

914 വയസ്സിനിടയിലുള്ള പെൺകുട്ടികളിൽ എച്ച്പിവി വാക്സിൻ നൽകുന്നതിലൂടെ ഭാവിതലമുറയിൽ കാൻസർ ഇല്ലാതാക്കാനാവും. വാക്സിൻ ജനനേന്ദ്രിയ അരിമ്പാറ, ഓറൽ, ഏനൽ അർബുദം മുതലായവയിൽ നിന്ന് സംരക്ഷിക്കും എന്ന കാരണത്താൽ ചില രാജ്യങ്ങൾ ആൺകുട്ടികൾക്കും വാക്സിനേഷൻ നൽകുന്നുണ്ട്. എന്നാൽ എച്ച്.പി.വി വാക്സിന്റെ ഉയർന്ന വില വെല്ലുവിളിയാണ്. ഇന്ത്യയിലെ സെറം ഇൻസ്റ്റിറ്റ്യൂട്ട് വാക്സിൻ അവതരിപ്പിച്ചതോടെ ചിലവ് കുറഞ്ഞിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. സർക്കാരുകളും പൗരസമൂഹവും ഇതിന് മുൻഗണന നൽകണം. ഇന്ത്യയിലെ സിക്കിം സംസ്ഥാനം മാതൃകാപരമായി കുട്ടികളിൽ എച്ച്പിവി വാക്സിനേഷൻ നടപ്പാക്കിയിട്ടുണ്ട്. രോഗത്തെ ഇല്ലാതാക്കാൻ നമ്മെ സഹായിക്കുന്ന മൂന്ന് പോയിന്റ് ഫോർമുല ഡബ്ല്യു. എച്ച്.ഒ മുന്നോട്ടുവയ്ക്കുന്നു. വാക്സിനേഷൻ, നിലവാരമുള്ള പരിശോധനകൾ വഴി നേരത്തെയുള്ള രോഗനിർണയം, ചികിത്സ എന്നിവയാണ് അവ. എറണാകുളത്ത് നടത്തിയ പഠനത്തിൽ പങ്കെടുത്തവരിൽ 92.9% (208) പേരും സൗജന്യമായി നൽകിയാൽ ഭാവിയിൽ സ്ക്രീനിംഗ് ടെസ്റ്റുകൾക്ക് വിധേയരാകാൻ തയ്യാറാണെന്ന് വ്യക്തമാക്കിയിരുന്നു. എച്ച്പിവി ഡിഎൻഎ കണ്ടെത്തൽ പ്രാഥമിക സ്ക്രീനിംഗ് ടെസ്റ്റായി ഉപയോഗിക്കാനും 30 വയസ് മുതൽ സ്ത്രീകൾ 5 മുതൽ 10 വർഷത്തെ ഇടവേളകളിൽ സെർവിക്കൽ സ്ക്രീനിംഗ് നടത്താനും ലോകാരോഗ്യ സംഘടന ശുപാർശ ചെയ്യുന്നു. അസറ്റിക് ആസിഡ് ഉപയോഗിച്ചുള്ള വിഐഎ (വിഷ്വൽ ഇൻസ്പെക്ഷൻ) ഓരോ 3 വർഷത്തിലും നടത്താൻ ഇന്ത്യൻ മാർഗ്ഗനിർദ്ദേശങ്ങൾ ശുപാർശ ചെയ്യുന്നു. 'എച്ച്പിവി ഡിഎൻഎ പരിശോധന എല്ലാവർക്കും ലഭ്യമാകുന്നതും താങ്ങാനാവുന്നതുമാക്കാൻ കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്. സ്വയം പരിശോധന നടത്തുന്നതിന്റെ ഫലപ്രാപ്തി എത്രത്തോളമുണ്ടെന്ന് പരിശോധിക്കാനുള്ള പഠനങ്ങൾ നടക്കുന്നുണ്ട്. ഫലപ്രദമാണെന്ന് കണ്ടെത്തിയാൽ സെർവിക്കൽ കാൻസർ രംഗത്ത് അടിമുടി മാറ്റമുണ്ടാക്കാൻ അതിന് കഴിയും. ' അമൃത ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. അശ്വതി പറയുന്നു. പെൺകുട്ടികളുടെ എച്ച്പവി വാക്സിനേഷൻ വർദ്ധിക്കുന്നതിലൂടെ ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ താഴ്ന്ന, ഇടത്തരം വരുമാനമുള്ള മിക്ക രാജ്യങ്ങളിലും സെർവിക്കൽ ക്യാൻസർ ഇല്ലാതാക്കാൻ സഹായിക്കുമെന്ന് കണക്ക് കൂട്ടാം. കൂടുതൽ സ്ക്രീനിംഗ് സർവിക്കൽ കാൻസറിന്റെ വ്യാപനം കുറയ്ക്കുന്നത് വേഗത്തിലാക്കുകയും ഏറ്റവും കൂടുതൽ കേസുകളുള്ള രാജ്യങ്ങളിൽ സെർവിക്കൽ ക്യാൻസർ ഇല്ലാതാക്കുകയും ചെയ്യും. 2030ഓടെ സെർവിക്കൽ ക്യാൻസർ ഇല്ലാതാക്കുക എന്നതാണ് ലക്ഷ്യം. അതിനായി 100000 ൽ 4ൽ താഴെ ആളുകൾക്ക് മാത്രം രോഗം ബാധിക്കുന്നതിലേക്ക് ചുരുങ്ങണം. സർവിക്കൽ കാൻസർ പൊതുവെ കുറവാണെന്നതിനാൽ കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ഈ ലക്ഷ്യത്തിൽ പെട്ടെന്ന് എത്തിച്ചേരാനാകും.

## ഇറാനിയൻ മൽസ്യബന്ധന കപ്പൽ മോചിപ്പിച്ച് ഇന്ത്യൻ നാവിക സേന

**കൊച്ചി:** സൊമാലിയൻ കടൽക്കൊള്ളക്കാർ തട്ടിയെടുത്ത ഇറാനിയൻ മൽസ്യബന്ധന കപ്പൽ ' ഇമാൻ' മാചിപ്പിച്ച് ഇന്ത്യൻ നാവിക സേന. നാവിക സേനയുടെ യുദ്ധകപ്പലായ ഐ.എൻ.എസ് സുമിത്രയാണ് ദൗത്യത്തിൽ പങ്കെടുത്തത്. മൽസ്യബന്ധന കപ്പലിലുണ്ടായിരുന്ന 17 പേരെയും ഇന്ത്യൻ നാവിക സേന സുരക്ഷിതമായി രക്ഷപെടുത്തി. കൊച്ചിയിൽ നിന്നും 700 നോട്ടിക്കൽ മൈൽ അകല അറബിക്കടലിനും ചെങ്കടലിനും ഇടയിലുള്ള ഗൾഫ് ഓഫ് എദൻ ഉൾക്കടലിൽ വെച്ചാണ് കടൽക്കൊള്ളക്കാർ കപ്പൽ തട്ടിയെടുത്തത്. സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യറിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ നാവിക സേന രക്ഷാപ്രവർത്തനം നടത്തിയത്.

## യുകെയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സുമായി ധാരണാപത്രം ഒപ്പ് വെച്ച് കുസാറ്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയും യുകെയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സും (ഐഒഎ) ഡാറ്റ സയൻസ് മേഖലയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ധാരണാപത്രത്തിൽ ഒപ്പു വെച്ചു. ഇതോടെ ഐഒഎയുടെ വിദ്യാഭ്യാസ അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ഡാറ്റാ സയൻസിലും അനലിറ്റിക്സിലെയും ഓഫറുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് കുസാറ്റിനെ ഈ ധാരണാപത്രം സഹായിക്കും. നിലവിൽ ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സിന്റെ ഗ്ലോബൽ പ്രൊഫഷണൽ ബോഡിയാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനലിറ്റിക്സ്.

ചടങ്ങിന് കുസാറ്റ് വൈസ് ചാൻസർ ഡോ. പി. ജി. ശങ്കരൻ അദ്ധ്യക്ഷത വഹിച്ചു. കുസാറ്റ് രജിസ്ട്രാർ ഡോ വി മീരയും യു



കെയിലെ ഐഒഎ ഡയറക്ടർ ഡോ. ക്ലെയർ വാൽഷും ധാരണാപത്രം ഒപ്പുവച്ചു.

എഒഎ അക്രഡിറ്റേഷനായുള്ള ഇന്ത്യയിലെ നോഡൽ ഏജൻസിയായ ഐഎസ്ഡിസിയുടെ ആഭിമുഖ്യത്തിലാണ് ധാരണാപത്രം ഒപ്പു വെച്ചത്. ഡിഡിയു കൗശൽ കേന്ദ്ര, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പ്, കമ്പ്യൂട്ടർ സയൻസ്, വകുപ്പ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിങ് വകുപ്പ്, ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് തുടങ്ങിയ കുസാറ്റിന്റെ വിവിധ വകുപ്പുകൾ ഈ സഹകരണത്തിന്റെ ഗുണഭോക്താക്കളാകും.

സ്കൂൾ മാനേജ്മെന്റ് ഡയറക്ടർ ഡോ. ജഗതീ രാജ് വി. പി., ഡിഡിയു കൗശൽ കേന്ദ്ര ഡയറക്ടർ ഡോ. സക്കറിയ കെ. എ., ഇന്റർ നാഷണൽ റിലേഷൻസ് ഡയറക്ടർ ഡോ. ഹരീഷ് രാമനാഥൻ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് വകുപ്പ് മേധാവി ഡോ. എം. വി. ജൂഡി, അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്മിജു, ഓട്ടോമോഷൻ ഗ്ലോബൽ ഹെഡ് ലക്ഷ്മി നാരായണൻ ജി. തുടങ്ങിയവർ സന്നിഹിതരായിരുന്നു.



# കുട്ടിഷെഫുകളുടെ രുചികൂട്ടുകൾ തീർത്ത് ലുലു ലിറ്റിൽ ഷെഫ്

**കൊച്ചി :** കുട്ടിക്കൈകളിൽ രുചിപെരുമ ഒളിപ്പിച്ച ലിറ്റിൽ ഷെഫുകൾക്ക് വേദിയായ ലുലു ലിറ്റിൽ ഷെഫ് പാചക മത്സരത്തിന് ആവേശസമാപനം. കൊച്ചി ലുലു മാളിൽ നടന്ന ലുലു ലിറ്റിൽ ഷെഫ് മത്സരത്തിന്റെ ഫൈനൽ റൗണ്ടിൽ അഞ്ച് മിടുക്കരാണ് പാചക മികവുമായി മാറ്റുരച്ചത്. വ്യത്യസ്ഥ വിഭവങ്ങളും സ്വാദിഷ്ഠമായ രുചികൂട്ടുകളുമായി പാചകമികവിന്റെ നേർകാഴ്ചയായിരുന്നു ലുലു ലിറ്റിൽ ഷെഫ്. കലാശപോരാട്ടത്തിനൊടുവിൽ തൃശൂർ സ്വദേശി ആദി ദേവ് പി ജിനേഷ് ലിറ്റിൽ ഷെഫ് കിരീടമണിഞ്ഞു. പെരുമ്പാവൂർ സ്വദേശി ഫാത്തിമ സി.എ രണ്ടാം സ്ഥാനവും എറണാകുളം സ്വദേശി സൂര്യഗായത്രി മൂന്നാം സ്ഥാനവും സ്വന്തമാക്കി.

മൂന്നോറോളം കുട്ടികളാണ് ലുലു ലിറ്റിൽ ഷെഫിൽ പങ്കെടുത്തത്. വിവിധ റൗണ്ടുകൾ നീണ്ട മത്സരത്തിനൊടുവിലാണ് അഞ്ച് കുട്ടികൾ ഫൈനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. എട്ട് വയസ്സിനും പതിനഞ്ച് വയസ്സിനുമിടയിൽ പ്രായമുള്ള കുട്ടികൾക്കായുമായിരുന്നു മത്സരം. പാചകകലയിൽ താൽപ്പര്യമുള്ള കുട്ടികൾക്ക് പ്രചോദനം പകരുന്നതായിരുന്നു ലിറ്റിൽ ഷെഫ് മത്സരവേദി. രുചികരമായ വിഭവങ്ങൾ തയാറാക്കിയതിനൊപ്പം രാജ്യത്തെ മുൻനിര ഷെഫുകളുമായി നേരിട്ട് ഇടപഴകാനും, നിർദേശങ്ങൾ മനസിലാക്കാനുള്ള വേദി കൂടിയായി ലിറ്റിൽ ഷെഫ്. അരലക്ഷം രൂപയുടെ ക്യാഷ് പ്രൈസിന് പുറമേ ലുലു മാരിയറ്റിൽ ഒരാഴ്ചത്തെ പരിശീലനം, കൊച്ചി മാരിയറ്റിൽ ഒരു ദിവസത്തെ സൗജന്യ സ്റ്റേ എന്നിവയാണ് വിജയിയായ തൃശൂർ സ്വദേശി ആദി ദേവ് പി ജിനേഷിന് ലഭിച്ചു. രണ്ടാം സ്ഥാനം നേടിയ പെരുമ്പാവൂർ സ്വദേശി ഫാത്തിമ സി.എക്ക്, ഇരുപത്തിയ്യായിരം രൂപ ക്യാഷ് പ്രൈസ്, കൊച്ചി മാരിയറ്റ് ഹോട്ടലിൽ ഫാമിലി ഡിന്നറും ലഭിച്ചു.പതിനായിരം രൂപയുടെ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും മൂന്നാം സ്ഥാനം നേടിയ സൂര്യഗായത്രിക്ക് ലഭിച്ചു.

സിനിമാതാരങ്ങളായ നാദിർഷ, കോട്ടയം നസീർ, ഷെഫ് നളന് ഷൈൻ എന്നിവരായിരുന്നു ഫൈനലിലെ മുഖ്യാഥിതികൾ. മാരിയറ്റിലെ എക്സിക്യൂട്ടീവ് ഷെഫ് ഗണേഷ് സിങ് ബിഷ്ട്, കോർട്ട്യാർഡിലെ അടക്കം എക്സിക്യൂട്ടീ ഷെഫ് ആയ അബ്ബാസി എന്നിവർ അടങ്ങിയതായിരുന്നു ജൂറി പാനൽ. ഫൺസ്കൂൾ എഎസ്എം അജിത്, കൊച്ചി ലുലു മാൾ ജനറൽ മാനേജർ വിഷ്ണു രഘുനാഥ്, സീനിയർ ഓപ്പറേഷൻസ് മാനേജർ സുകുമാരൻ, ഫൺടൂറ ജനറൽ മാനേജർ അംബികാപഥി പി, ഡെപ്യൂട്ടി ജനറൽ മാനേജര് നിഖിൻ ജോസഫ്, ഷഫീർ, സാമ്യ കുമാർ, ഡെൽന, സുരേഷ്, രാധാകൃഷ്ണൻ തുടങ്ങിയവരും സംബന്ധിച്ചു

# സൂണോ ജനറൽ ഇൻഷുറൻസ് നാഷണൽ ഹെൽത്ത് കവറേജ് എക്സ്ചേഞ്ചുമായി സഹകരിക്കുന്നു

**മുംബൈ:** നാഷണൽ ഹെൽത്ത് കവറേജ് എക്സ്ചേഞ്ചിൽ ഓൺബോർഡിംഗ് സുഗമമാക്കുന്നതിന് സൂണോയുടെ പോളിസി മാനേജ്മെന്റ് സിസ്റ്റവുമായി ആയുഷ്മാൻ ഭാരത് ഹെൽത്ത് അക്കൗണ്ട് (എബിഎച്ച്എ) ഐഡിയുടെ വിജയകരമായ വിന്യാസം ഡിജിറ്റൽ ഇൻഷുറർ ആയ സൂണോ ജനറൽ ഇൻഷുറൻസ് പ്രഖ്യാപിച്ചു.

ഇതോടെ ഇന്ത്യയിലെ എല്ലാ ആളുകൾക്കും ഡിജിറ്റൽ ഹെൽത്ത് ഐഡികൾ സൃഷ്ടിക്കാൻ സഹായിക്കുന്നതിന്, ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ മന്ത്രാലയവുമായി സഹകരിക്കുന്ന ആദ്യ ഇൻഷുറർ ആയ സൂണോ ജനറൽ ഇൻഷുറൻസ് ഈ സഹകരണം, ഈ സംയോജനം ഉപഭോക്താക്കൾക്കും ഏജന്റുമാർക്കും പരിധികളില്ലാതെ പോളിസികൾ ക്യാപ്ചർ ചെയ്യാനും, സൃഷ്ടിക്കാനും എബിഎച്ച്എയിലേക്ക് ലിങ്കുചെയ്യാനുമുള്ള കഴിവ് നൽകുന്നു. ആശുപത്രികളിൽ ഉടനീളം തത്സമയ ക്ലെയിം സേവനങ്ങൾ നൽകിക്കൊണ്ട് അവരുടെ എല്ലാ ആരോഗ്യ രേഖകളും അവരുടെ സുനോ ഹെൽത്ത് ഇൻഷുറൻസുമായി എളുപ്പത്തിൽ ബന്ധിപ്പിക്കാൻ ഈ സവിശേഷ ഫീച്ചർ ഉപഭോക്താക്കളെ പ്രാപ്തരാക്കുന്നു. ഐഡി ഒരു വ്യതിരിക്ത അക്കൗണ്ട് നമ്പറായി പ്രവർത്തിക്കുന്നു, വ്യക്തികളുടെ ആരോഗ്യ ചരിത്രവും ഇൻഷുറൻസ് രേഖകളും ഒരുമിച്ച് കൊണ്ടുവരുന്നതിനാൽ, ക്ലെയിം സമയത്ത് വിപുലമായ പേപ്പർവർക്കിന്റെ ആവശ്യകത ഇല്ലാതാക്കുന്നു.

ഹെൽത്ത് റെക്കോർഡുകളിലേക്കുള്ള ഡിജിറ്റൽ ആക്സസ് ഒരു പൂർണ്ണമായ പേപ്പർലെസ് ക്ലെയിം പ്രക്രിയ ഉറപ്പാക്കുന്നതോടൊപ്പം വേഗമേറിയതും സുതാര്യവുമായ ക്ലെയിം അനുഭവം, പ്രത്യേകിച്ച് പണരഹിത ക്ലെയിമുകൾക്ക് പ്രദാനം ചെയ്യുന്നു.




# ജൈവ നെൽകൃഷി :വാരപ്പെട്ടിയിലെ ഇരുപത് ഏക്കറിൽ നൂറുമേനി വിളവ്

**കൊച്ചി :**വാരപ്പെട്ടി ഗ്രാമപഞ്ചായത്തിലെ ജൈവ നെൽകൃഷിയിൽ നൂറുമേനി വിളവ്. പഞ്ചായത്തിലെ കോട്ടേപ്പാടത്താണ് ജൈവ നെൽകൃഷിയിലൂടെ മികച്ച വിളവ് സാധ്യമായത്. സമഗ്ര നെൽകൃഷി പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും സഹായത്തോടെയായിരുന്നു കൃഷി.

കൃഷിയ്ക്കായി രണ്ട് ലക്ഷത്തിൽ പരം രൂപയുടെ സഹായവും കൃഷിവകുപ്പും പഞ്ചായത്തും ലഭ്യമാക്കി. കൃഷിയുടെ തുടക്കത്തിൽ വെള്ളം കയറിയത് മൂലം നാശനഷ്ടങ്ങൾ സംഭവിച്ചെങ്കിലും മികച്ച പരിപാലനത്തിലൂടെ അതിനെ മറികടക്കുകയായിരുന്നു കർഷകർ.

വിളവെടുപ്പിന്റെ ഭാഗമായി സംഘടിപ്പിച്ച കൊയ്ത്തുത്സവം വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ ചന്ദ്രശേഖരൻ നായർ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിലെ മുഴുവൻ തരിശു പാടങ്ങളും കൃഷിയിടങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. അതിനായി വരും വർഷങ്ങളിലും കൂടുതൽ പദ്ധതികൾ കൃഷിവകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കും. പരമാവധി പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുകയാണ് ലക്ഷ്യമെന്നും ജൈവകൃഷിക്ക് പ്രത്യേക പ്രാധാന്യം നൽകുമെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.